"ഭരണഭാഷ - മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഇലക്ഷൻ വകുപ്പ് - 2026 ലെ കേരള നിയമസഭാ തിരഞ്ഞെടുപ്പ് - തിരഞ്ഞെടുപ്പ് നടപടികളുമായി ബന്ധപ്പെട്ട് സഹകരണ സംഘങ്ങളിൽ നിന്ന് ഏറ്റെടുക്കുന്ന വാഹനങ്ങൾക്കുള്ള വാടക നിശ്ചയിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഇലക്ഷൻ (അക്കൗണ്ട്സ്) വകുപ്പ്**

സ.ഉ.(സാധാ) നം.286/2026/ELEC തീയതി, തിരുവനന്തപുരം, 26-03-2026

പരാമർശം: 1) സ. ഉ. (സാധാ.)നം.226/2026/ഇലക്ഷൻ, തീയതി, 17.03.2026.

2) സ.ഉ.(സാധാ.)നം.263/2026/ഇലക്ഷൻ, തീയതി, 23.03.2026

**ഉത്തരവ്**

2026 ലെ കേരള നിയമസഭാ തിരഞ്ഞെടുപ്പിന്റെ ആവശ്യങ്ങൾക്കായി സഹകരണ സംഘങ്ങളിൽ നിന്നു വാഹനങ്ങൾ ഏറ്റെടുക്കേണ്ടി വരുന്നപക്ഷം, തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് വിവിധ ഇനം വാഹനങ്ങൾക്കു പരാമർശം (2) പ്രകാരം നിശ്ചയിച്ച നിരക്കിൽ വാടക അനുവദിച്ച് ഉത്തരവാകുന്നു.

2) ഇപ്രകാരം കണക്കാക്കുന്ന ആകെ വാടകയിൽ നിന്ന് പരാമർശം (3) ഉത്തരവ് പ്രകാരം ഡ്രൈവറുടെ പ്രതിഫലം, ഭക്ഷണ അലവൻസ്, ദിന ബത്ത എന്നിവ നൽകിയിട്ടുണ്ടെങ്കിൽ ആ തുകയും ഇന്ധനത്തിനും അറ്റകുറ്റപ്പണിക്കും ചെലവായ തുകയും കുറച്ച ശേഷമുള്ള വിഹിതം, വാഹനത്തിന്റെ ഉടമസ്ഥരായ സഹകരണ സംഘത്തിന് അനുവദിക്കേണ്ടതാണ്.

3) ഈ ചെലവ് '2015 - 00 - 106 - 99 - 34 മറ്റ് ചെലവുകൾ - 3 മറ്റിനം' എന്ന ശീർഷകത്തിൽ നിന്നു വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ.രത്തൻ യു കേൽകർ ഐ എ എസ്
CHIEF ELECTORAL OFFICER & SECRETARY

ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർ കൂടിയായ എല്ലാ ജില്ലാ കലക്ടർമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരളം, തിരുവനന്തപുരം
ഡയറക്ടർ, ട്രഷറി ഡയറക്ടറേറ്റ്, പട്ടം പാലസ് പി. ഒ., തിരുവനന്തപുരം - 695 004
എല്ലാ ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർമാർക്കും
പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കാനായി).
ഓഫീസ് പകർപ്പ്/കരുതൽ ഫയൽ (e - 3460854)

Signed by ഉത്തരവിൻ പ്രകാരം
Ajith Babu B
Date: 26-03-2026 11:07:52

സെക്ഷൻ ഓഫീസർ